# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ.കെ.എം(പി 11)1714/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 18/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ.കെ.എം(പി 11)1714/23 തീയ്യതി: 18/12/2023

## എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കവിതാദേവി വി, ഓഡിറ്റ് ഓഫീസർ

ഷർഫുദ്ദീൻ എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

പ്രസാദ് പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

വൃന്ദ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| സൈന ബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അഫ്സൽരാജ്.എം.ആർ | സെക്രട്ടറി | 01-04-2022 | 13-10-2022 |
| ജീമോൾ ജി | സെക്രട്ടറി | 14-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുരേഷ്.എസ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| സാബിറ ബീവി.പി.എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.കൃഷ്ണകുമാർ.പി.എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച് സി) | 01-04-2022 | 31-03-2023 |
| ഡോ.സിയാദ്.എച്ച് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| കൃഷ്ണകുമാർ.ഒ.എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ(എൽ.എസ്.ജി.ഡി) | 01-04-2022 | 31-03-2023 |
| റിൻസി.എം.അലി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സലീന.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഫാത്തിമ പി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| കഴ്സൺ പി.എൽ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| വി. ഇ. ഒ കുന്നുകര | ശിവപ്രസാദ് കെ.എച്ച് | 01-04-2022 | 31-03-2023 |
| വി. ഇ. ഒ ആറ്റുപുറം | ശിവപ്രസാദ് കെ.എച്ച് | 01-04-2022 | 27-11-2022 |
| വി. ഇ. ഒ ആറ്റുപുറം | ലിമ ദിലീപ് | 28-11-2022 | 31-03-2023 |
| ഡോ.ഷെയ്ക്ക് അൻവർ.കെ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ഹെൽത്ത് ഗ്രാന്റിനായി തുടങ്ങിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനത് വരുമാനം- അവലോകനം | 1-11 |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 19 | IFTE& OS ലൈസൻസ് -അപാകതകൾ | 1-13 |
| 20 | സ്വകാര്യ ഹോസ്റ്റലുകൾ ലൈസൻസ് എടുത്തിട്ടില്ല | 1-14 |
| 21 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 22 | വാഹനപരിപാലനം | 1-16 |
| 23 | പ്രിന്റിംഗ് ജോലികൾ-ആദായനികുതി ഈടാക്കിയില്ല | 1-17 |
| 24 | ദിവസവേതനാടിസ്ഥാനത്തിൽ നിയമനം | 1-18 |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 26 | മഴക്കാലപൂർവ്വ ശുചീകരണം | 1-20 |
| 27 | ഇലക്ഷൻ ഡെപ്പോസിറ്റ്-തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. | 1-21 |

| | | |
|---|---|---|
| 28 | കോക്ലിയർ ഇംപ്ലാന്റേഷൻ -സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക അടവാക്കൽ-വിശദാംശങ്ങളില്ല | 1-22 |
| 29 | ക്യാന്റീനിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ-പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 30 | മുൻകുറുകൾ/സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ യഥാസമയം ക്രമീകരിച്ചില്ല. | 1-24 |
| 31 | വിവാഹധനസഹായം-അധിക നിരക്കിൽ ആനുകൂല്യം നൽകി | 1-25 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ | 1-26 |
| 33 | വിദേശജോലിക്ക് ധനസഹായം-പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-27 |
| 34 | ബാലസഭ സ്പോർട്ട്സ് കിറ്റ്-പ്രോജക്റ്റ് നടപ്പാക്കിയതിൽ അപാകതകൾ | 1-28 |
| 35 | പണമിടപാടുകളില്ലാതെ അക്കൗണ്ടുകൾ തുടരുന്നു | 1-29 |
| 36 | അജൈവ മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന്- ജി.എസ്.ടി അനുവദിച്ചത് ക്രമപ്രകാരമല്ല | 1-30 |
| 37 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ് | 1-31 |
| 38 | ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-32 |
| 39 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്- പദ്ധതി പൂർത്തീകരിച്ചില്ല | 1-33 |
| 40 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതുവായ വിലയിരുത്തൽ | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വിവാഹധനസഹായം-അധിക നിരക്കിൽ ആനുകൂല്യം നൽകി-₹50,000/-തിരികെ ഈടാക്കണം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2023 ലെ 2-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്നുകര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:18/12/2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹97,45,072/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)₹1,56,16,600/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ടക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റേയും മൂല്യത്തിന്റേയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

ഡിമാന്റ് ചെയ്യേണ്ട വരവിനങ്ങൾക്ക് വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും, സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം, അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

### 1-1-6 ഹെൽത്ത് ഗ്രാന്റിനായി തുടങ്ങിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റിന്റെ പണമിടപാടിനായി തുടങ്ങിയ 2 ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ഹെൽത്ത് ഗ്രാന്റ് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ടക്ചർ ടു പി.എച്ച്.സി എന്ന ആവശ്യത്തിനായി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ കുന്നുകര ബ്രാഞ്ചിൽ തുടങ്ങിയ അക്കൗണ്ടിൽ ചുവടെ കാണും വിധം വരവുണ്ട്.
Account No-770702010007063-Union Bank Of India, Kunnukara

| തീയതി | വരവ് വന്ന തുക | നീക്കിയിരിപ്പ് |
|---|---:|---:|
| 01.08.2022 | 1,14,858 | 1,14,858 |
| 02.09.2022 | 93,303 | 2,08,161 |
| 06.10.2022 | 697 | 2,08,858 |
| 03.01.2023 | 1,448 | 2,10,306 |

കൂടാതെ ഹെൽത്ത് ഗ്രാന്റ് ടു റൂറൽ പി.എച്ച്.സി എന്ന ആവശ്യത്തിനായി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ കുന്നുകര ബ്രാഞ്ചിൽ തുടങ്ങിയ അക്കൗണ്ടിൽ ചുവടെ കാണും വിധം വരവുണ്ട്.
Account No-770702010007062-Union Bank Of India, Kunnukara

| തീയതി | വരവ് വന്ന തുക | നീക്കിയിരിപ്പ് |
|---|---:|---:|
| 06.08.2022 | 80,000 | 80,000 |
| 06.10.2022 | 338 | 80,338 |
| 03.01.2023 | 557 | 80,895 |

എന്നാൽ വരവ് തുക യഥാസമയം കണക്കിലെടുക്കുകയോ ബാങ്ക് റിക്കൺസിലിയേഷൻ നടത്തുകയോ ചെയ്തില്ല. ബാങ്കിൽ ക്രെഡിറ്റായ തുക യഥാസമയം അക്കൗണ്ട് ചെയ്യാതിരുന്നത് ശരിയായ നടപടിയല്ല. എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റിക്കൺസിലിയേഷൻ കൃത്യമായി നടത്താറില്ലെന്നത് ഇതിൽ നിന്നും വ്യക്തമാണ്. മേൽപ്പറഞ്ഞ അക്കൗണ്ടുകളുടെ വിവരം 2023-24ൽ കണക്കിലെടുത്തിട്ടുണ്ടെന്നാണ് അറിയിച്ചത്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 ബജറ്റ്

14.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 03.03.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2022-2023 ലെ ബജറ്റ് പ്രകാരവും, പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ താഴെ

ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | ₹2,54,35,040.50 | ₹2,89,85,483.00 |
| വരവ് | ₹28,36,59,810.00 | ₹28,28,87,160.00 |
| ആകെ | ₹30,90,94,850.50 | ₹31,18,72,643.00 |
| ചെലവ് | ₹30,50,49,120.00 | ₹30,14,64,014.00 |
| നീക്കിയിരിപ്പ് | ₹40,45,730.50 | ₹1,04,08,629.00 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,08,53,768 |
| വരവ് | ₹4,68,96,260 |
| ആകെ | ₹5,77,50,028 |
| ചെലവ് | ₹3,71,51,188 |
| നീക്കിയിരിപ്പ് | ₹2,05,98,840 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | ₹1,50,50,000 | ₹1,50,50,000 | ₹1,46,84,210 | ₹3,65,790 | 0 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | ₹73,87,000 | ₹73,87,000 | ₹73,05,000 | ₹82,000 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | ₹90,06,700 | ₹90,06,700 | ₹49,74,277 | ₹40,32,423 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺറോഡ് | 0 | ₹51,66,000 | ₹51,66,000 | ₹51,51,277 | ₹14,723 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic-ട്രഷറി | 0 | ₹99,405 | ₹99,405 | 0 | ₹99,405 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-ട്രഷറി | 0 | ₹5,18,345 | ₹5,18,345 | ₹3,99,190 | ₹1,19,155 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- Bank | ₹7,51,807 | (₹2617000+ ₹126363-പലിശ) ₹27,43,363 | ₹34,95,170 | ₹12,39,870 | 0 | ₹22,55,300 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-Bank | ₹19,03,560 | ₹39,26,000 | ₹58,29,560 | ₹49,46,999 | 0 | ₹8,82,561 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100198-ശുചിത്വമിഷൻ ഗ്രാന്റ് | ₹3,52,278 | 0 | ₹3,52,278 | 0 | 0 | ₹352278 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം-320100125 | ₹2,64,958 | ₹6,99,300 | ₹964258 | ₹5,00,546 | 0 | ₹4,63,712 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100131 -Mid Day Meal | ₹2,514 | ₹10,495 | ₹13,009 | 0 | 0 | ₹13,009 |
| 320100160-Rural Housing-housing For All | ₹500 | 0 | 500 | 0 | 0 | ₹500 |
| 320200399-grant From Other Agencies | ₹15,89,084 | ₹63,997 | ₹16,53,081 | ₹5000 | 0 | ₹16,48,081 |
| 320300199-grant From Other Agencies – Grant From Other Govt Agencies | ₹7,71,981 | ₹6,04,452 | ₹13,76,433 | ₹7,84,688 | 0 | ₹5,91,745 |

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-ജനറൽ- ₹9,91,499/-

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്- എസ്.സി.പി-₹8,50,934/-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(₹) | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 131 | 10,21,61,381 | 101 | 5,14,59,906 | 81 | 20 | 30 | 61.83% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(₹) | തൻവർഷ വരവ്(₹) | ആകെ വരവ്(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,329 | 10,77,380 | 10,78,709 | 10,73,715 | 4,994 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് +ക്യാപിറ്റൽ കോൺട്രിബ്യൂഷൻ | 0 | 3,79,92,958 | 3,79,92,958 | 3,79,92,958 | 0 |
| ആകെ | 1,329 | 3,90,70,338 | 3,90,71,667 | 3,90,66,673 | 4,994 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 74,74,000 | 337 |

| | | |
|---|---|---|
| വിധവാപെൻഷൻ | 1,18,26,200 | 784 |
| വാർദ്ധക്യകാലപെൻഷൻ | 2,74,58,400 | 2163 |
| വികലാംഗപെൻഷൻ | 38,00,400 | 196 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 6,70,400 | 39 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2023 ന് 2.30 പി.എം ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹28,182/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന വിഷയങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.
1. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ കൈമാറിയ തുക ക്രമീകരിക്കുകയോ ചെയ്യുന്നില്ല. കൈമാറുന്ന തുകകൾ വാർഷിക ധനകാര്യപത്രികയിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.
2. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിലേതുൾപ്പെടെ ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ല.
3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ചത് വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.
4. എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റിക്കൺസിലിയേഷൻ കൃത്യമായി നടത്തുന്നില്ല.

5. വാങ്ങൽ നടപടികളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടുകളിൽ ആവശ്യത്തിലധികം ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. ക്യാന്റീനിലേക്ക് ഫർണ്ണീച്ചറുകൾ വാങ്ങിയതും ആവശ്യകത വിലയിരുത്താതെയാണ്.

6.പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെയാണ് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത്. ഉദാ-പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലിക്ക് സഹായം, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ബാലസഭക്ക് സ്പോർട്സ് കിറ്റ് തുടങ്ങിയവ.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | - | നിലവിലില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.2015 | 2010-11 മുതൽ 2014-15 വരെ | 26.10.2015 |

## 1-11 തനത് വരുമാനം- അവലോകനം

പറവൂർ താലൂക്കിൽ പാറക്കടവ് ബ്ലോക്കിനു കീഴിൽ സ്ഥിതി ചെയ്യുന്ന കുന്നുകര ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളാണുള്ളത്. ഓഡിറ്റ് വർഷം 100% വസ്തുനികുതി പിരിച്ചെടുത്തിട്ടുള്ളതായി ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സേവന ഉപനികുതി ചുമത്തൽ

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

2)മേഖലാ വിഭജന പ്രകാരമുള്ള ഇളവ് - പുന:പരിശോധന അനിവാര്യം

2022-23 ലെ കെട്ടിട നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽത്തന്നെ പ്രാഥമിക മേഖലയിലുൾപ്പെടുന്ന പല കെട്ടിടങ്ങളെയും ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി വസ്തു നികുതിയിൽ 10% ഇളവ് നൽകിയിരുന്നു. ഇതുമൂലം ഓരോ വർഷവും വരുമാനം കുറയാൻ സാധ്യതയുണ്ട്. സഞ്ചയയിലെ വിവരങ്ങൾ പുന:പരിശോധിച്ച് ഇതുമൂലമുള്ള നികുതി ചോർച്ച തടയേണ്ടതാണ്.

3)പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതിന്റെ പ്രാധാന്യം

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ {G.O.(P) No.78/2019/LSGD/2.11.2019} ലെ ചട്ടം 21പ്രകാരം 2 നില വരെയുള്ള വാസയോഗ്യമായ കെട്ടിടങ്ങളും 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനും ഇപ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കാനും സാധിക്കുന്നതാണ്.

4)ലൈസൻസ് ഫീസ് ,തൊഴിൽ നികുതി എന്നിവ വർദ്ധിപ്പിക്കാവുന്നതാണ്

31.10.2017 ലെ പുതുക്കിയ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ കുന്നുകര പഞ്ചായത്തിൽ നാളിതുവരെയായിട്ടും ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ച് ഈടാക്കി തുടങ്ങിയിട്ടില്ല. വളരെ കുറഞ്ഞ നിരക്കിലുള്ള പഴയ ഫീസ് തന്നെയാണ് ഇപ്പോഴും ഈടാക്കുന്നത്. നികുതി വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിക്ക്നടപടി സ്വീകരിക്കാവുന്നതാണ്. ട്രേഡേഴ്സിസിന്റെ തൊഴിൽനികുതി അവരുടെ യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ കണക്കാക്കുന്നത് എന്ന് പരിശോധിക്കാവുന്നതാണ്.
തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക തുടങ്ങിയ ഇനങ്ങളിലൊന്നും തന്നെ നികുതി കുടിശ്ശിക ഇല്ല. എന്നാൽ ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിക്കുന്നതല്ല. വാർഡ് അടിസ്ഥാനത്തിൽ നമ്പറിട്ട് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിനു മുമ്പേ തന്നെ പഞ്ചായത്തിലെ നിലവിലുള്ള സ്ഥാപനങ്ങളെയും പുതുതായി ആരംഭിച്ചവയെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് സ്ഥാപനങ്ങൾ അടുത്തവർഷത്തേക്ക് ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് വീക്ഷിക്കപ്പെടുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം നിയന്ത്രണ സംവിധാനങ്ങളിലൂടെ വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം തൊഴിൽ നികുതി ഈടാക്കുന്നതിനാൽ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഇനത്തിലും നഷ്ടം സംഭവിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന നൂതന ആശയങ്ങളും സംവിധാനങ്ങളും ഒരുക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-12 തൊഴിൽ നികുതി ഈടാക്കിയില്ല

1)ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ള താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 8/360A | യാഹിയ പേവിംഗ് ടൈൽസ് | 5 |
| 2 | 1/56B | Leads N Deals Interactive Technologies | 6 |
| 3 | 13/218B | Buildtech Enterprises | 3 |
| 4 | 8/328 | മഹിമ സോഡാ ഇൻഡസ്ട്രീസ് | 3 |

| | | | |
|---|---|---|---|
| 5 | 14/48 | കല്ലക്കേരി സിമന്റ് ഇൻഡസ്ട്രീസ് | 4 |
| 6 | 5/401A | ഡിസയർ പാക്കേജിംഗ് | 8 |
| 7 | 6/432 | ഭാരത് ഹോമിയോപ്പതി | 2 |
| 8 | 5/66A | കുന്നത്ത് ഇൻഡസ്ട്രീസ് | 4 |
| 9 | 5/333 | ഐശ്വര്യ കെമിക്കൽസ് | 6 |
| 10 | 2/266 | ടോമീസ് ഫുഡ് പ്രോഡക്ട്സ് | 6 |
| 11 | 4/545 | റോസ് ക്ലബ്ബ് സോഡ നിർമ്മാണ യൂണിറ്റ് | രേഖപ്പെടുത്തിയിട്ടില്ല |
| 12 | 3/281 | തിരുകൊച്ചി റെസിഡൻസി | 8 |
| 13 | 8/339 | KPKM Hospital | 4 |
| 14 | 4/231 | Herbavita (P)L | 5 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറി നം.15/12.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് വിവരങ്ങൾ പിന്നീട് ലഭ്യമാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്.

2)പഞ്ചായത്തിലെ മരാമത്ത് വേലകൾ ഏറ്റെടുത്ത് നടത്തിയ താഴെ സൂചിപ്പിച്ച കരാറുകാരിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് |
|---|---|
| 1 | സഹീർ.ഇ.എ |
| 2 | റിൻഷാദ് ഹിലാൽ |
| 3 | സിജു.കെ.ആർ |
| 4 | ബാബു.പി.ടി |
| 5 | എം.ഒ.പൗലോസ് |
| 6 | അബൂബക്കർ.കെ.എച്ച് |
| 7 | ബിജീഷ്.സി.വി |
| 8 | ഷാജി.എം |
| 9 | മാൻവി.പി.സി |
| 10 | സി.ഇ.ജാഫർ |
| 11 | വി.ഒ.ജോസ് |

3) പഞ്ചായത്തിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവരിൽ നിന്നും ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്.

4) പഞ്ചായത്ത് പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ, ഡോക്ടർമാർ, ആധാരം എഴുത്തുകാർ, മറ്റ് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.13/11.11.2023 ന് ലഭ്യമാക്കിയ മറുപടി ആയവ വിശദമായി പരിശോധിച്ച് മറുപടി പിന്നീട് ലഭ്യമാക്കുന്നതാണ് എന്നാണ്.
1994 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുത്തിട്ടുള്ള ഏതൊരാളും ബാധകമായ നിരക്കിലുള്ള തൊഴിൽ നികുതി അതാത് തദ്ദേശഭരണ സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്. ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 IFTE& OS ലൈസൻസ് -അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിലെ ലൈസൻസ് ഫീസ് പിരിവ് 100% ആണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) ലൈസൻസ് ഫീസ് കുറവായി ഈടാക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം വരെ, 25 ലക്ഷം മുതൽ 1 കോടി വരെ, 1 കോടി മുതൽ 5 കോടി വരെ, 5 കോടിയ്ക്ക് മുകളിൽ എന്നിങ്ങനെ സ്ഥാപനങ്ങളെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

2022-23 സാമ്പത്തികവർഷത്തേക്കുള്ള ലൈസൻസ് പുതുക്കൽ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതായി കാണുന്നത്.

കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി കാണുന്ന ഏതാനും സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | Galaxy Digital Studio | 5/220 I | 200 |
| 2 | Leads N Deals Interactive Technologies | 1/56 B | 200 |
| 3 | Chithra Book Stall | 10/467 | 200 |
| 4 | YKA Stores | 11/392 A | 200 |
| 5 | Ayyaril Stores | 10/485 | 200 |
| 6 | Star Agencies | 9/444 | 200 |
| 7 | Health Point Diagnostics | 6/94 H | 300 |
| 8 | Panikulangara Hardware | 9/425 | 200 |
| 9 | A.K.Agencies | 8/450 | 200 |
| 10 | Smartech Constructions | 8/449 | 200 |
| 11 | KPKM Hospital | 8/339 | 300 |
| 12 | Kottakkal Arya Vaidyasala | 8/266 | 300 |
| 13 | Vennipparambil Wood Works | 4/102 | 200 |

കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.16/12.11.2023) വ്യക്തമായ മറുപടി ലഭിച്ചില്ല. പഞ്ചായത്ത് നിരക്ക് വർദ്ധിപ്പിച്ചിരുന്നതായും എന്നാൽ വ്യാപാരി വ്യവസായികളുടെ സമരത്തെത്തുടർന്ന് ടി തീരുമാനം പിൻവലിക്കുകയായിരുന്നു എന്നാണ് സെക്ഷൻ വാക്കാൽ അറിയിച്ചത്. സർക്കാർ നിശ്ചയിച്ച നിരക്കിൽ നാളിതുവരെയായിട്ടും ലൈസൻസ് ഫീസ് ഈടാക്കി തുടങ്ങാത്തത് ശരിയായ നടപടിയല്ല.

2) ട്രേഡേഴ്സ് ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല

ലൈസൻസ് അടവാക്കിയ സ്ഥാപനങ്ങളുടെ ഒരു ലിസ്റ്റ് മാത്രമാണ് ക്രമ നമ്പർ, കെട്ടിട നമ്പർ എന്നിവ പോലും രേഖപ്പെടുത്താതെ ട്രേഡേഴ്സ് ലിസ്റ്റ് എന്ന് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. 15 വാർഡുകളുള്ള പഞ്ചായത്തിൽ ഓരോ വാർഡിലും എത്ര സ്ഥാപനങ്ങൾ എന്ന് വേർതിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഓരോ വർഷവും ആയത് പുതുക്കി സൂക്ഷിക്കേണ്ടതുമാണ്.

3) ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളും അപേക്ഷയിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നതായും കാണുന്നില്ല.

31.10.2017 ലെ മേൽ പരാമർശിച്ചിട്ടുള്ള പുതുക്കിയ ഉത്തരവിനനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കുന്നുകര പഞ്ചായത്ത് പരിധിയിൽ കുറഞ്ഞതും കൂടിയതുമായ ലൈസൻസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവിനനുസരിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-14 സ്വകാര്യ ഹോസ്റ്റലുകൾ ലൈസൻസ് എടുത്തിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന 4 കെട്ടിടങ്ങളെ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.

1)7/11 D – പ്രീത ആനന്ദബാബു

2)8/60A – വി.ഡി.റോസിലി

3)12/496/418 A – രെജ്ജ ജോയ്

4)15/8/B – ത്രേസ്യാമ്മ പോൾ

എന്നാൽ ഇവ ലൈസൻസ് എടുത്തതായി കാണുന്നില്ല. മേൽ കെട്ടിടങ്ങളിൽ സ്വകാര്യ ഹോസ്റ്റലുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.17/13.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന
1)റോസ് വില്ല ഹോംസ്റ്റേ &ടാക്സി സർവീസ്, കുറ്റിപ്പുഴ
2)emerald Waters, നോർത്ത് കുത്തിയതോട്
എന്നീ സ്ഥാപനങ്ങൾ (ഹോംസ്റ്റേ) മേൽ കെട്ടിട നമ്പറിൽ ഉൾപ്പെടുന്നതാണോ എന്നും ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ എന്നുമുള്ള അന്വേഷണത്തിനും മറുപടി ലഭിച്ചിട്ടില്ല. ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലെങ്കിൽ ആയത് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-15 ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S0010/23, മരുന്ന് വാങ്ങൽ |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് |
| അടങ്കൽ | ₹200000/- |
| ചെലവ് | ₹200000/- |
| ബിൽ നം./തീയതി | 22110352009300789904/ 28.11.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ, കുന്നുകര |

പ്രൊഫോർമ ഇൻവോയ്സ് നം.PF 380/19.09.2022 പ്രകാരം 2 ലക്ഷം രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം.LF 521/13.07.2023 പ്രകാരം ആകെ ₹91243/-യുടെ മരുന്നു മാത്രമാണ് ലഭ്യമായതായി കാണുന്നുള്ളു. ബാക്കി ₹108757/-യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.1/08.11.2023 നൽകിയതിന് ആയത് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി നടത്തി ബില്ലിന്റെ കോപ്പി സഹിതം അറിയിക്കുന്നത് വരെ ചെലവ് തുക ₹108757/- തടസ്സത്തിൽ വെക്കുന്നു.

## 1-16 വാഹനപരിപാലനം

2022-23 സാമ്പത്തിക വർഷം കുന്നുകര ഗ്രാമപഞ്ചായത്തിൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി തനതുഫണ്ട് ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/തീയതി |
|---|---|---|
| 1. | ₹2700 | 22201189/18.01.2023 |
| 2. | ₹3575 | 22201189/18.01.2023 |
| 3. | ₹9462 | 2220726/24.09.2022 |
| 4. | ₹9548 | 2220725/26.09.2022 |
| 5. | ₹5910 | 22200821/25.10.2022 |
| 6. | ₹9660 | 22200069/28.04.2022 |
| 7. | ₹8930 | 22200466/29.08.2022 |
| 8. | ₹8987 | 22201035/25.09.2022 |
| ആകെ | ₹58772 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(എം.എസ്) നം.170/2007/ത.സ്വ.ഭ.വ തീയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി 02.08.2008 പ്രകാരവും തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത് സർക്കാർ അംഗീകൃത വർക്ക് ഷോപ്പിലാണ്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽ നടത്തിയത് സംബന്ധിച്ച് വിശദീകരണം നല്കുന്നതിന് 13.11.2023 ന് നല്കിയ ഓഡിറ്റ് എൻക്വയറി 20 ന് നല്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് അറിയിച്ചു. സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തത് ശരിയായ നടപടിയല്ല. മാത്രമല്ല ആവശ്യകതാ റിപ്പോർട്ടും ഫയലിൽ ഇല്ല. ആയതിനാൽ ചെലവു തുകയായ ₹58772 തടസ്സത്തിൽ വെയ്ക്കുന്നു.
2.5 ലക്ഷം കിലോമീറ്ററിൽ അധികം ഓടിയ വാഹനത്തിന് മുകളിൽ പരാമർശിച്ചതു കൂടാതെ പെറ്റി വർക്കുകളും ചെയ്തിട്ടുണ്ട്. ആയതിനാൽ വാഹനത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പ്രിന്റിംഗ് ജോലികൾ-ആദായനികുതി ഈടാക്കിയില്ല

കുന്നകരഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പ്രിന്റിംഗ് ജോലികളുടെ കരാർ ഏല്പിച്ച നല്കിയിട്ടുള്ള ജെ എം ജെ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നല്കിയതുക | വൗച്ചർ നമ്പർ/തീയതി |
|---|---|
| ₹8657 | 22200041/11.4.2022 |
| ₹4330 | 22200191/18.5.2022 |
| ₹10300 | 22200252/3.6.2022 |
| ₹9390 | 22200350/5.7.2022 |
| ₹7900 | 22200541/24.8.2022 |
| ₹9940 | 22200725/6.10.2022 |
| ₹1800 | 22201038/11.4.2022 |
| ₹7200 | 22201283/8.2.2023 |
| ₹3850 | 22200041/31.3.2023 |
| ₹17660 | 22201520/31.3.2023 |
| ആകെ-₹81027 | |

ആദായ നികുതി നിയമം 1961, സെക്ഷൻ 194 C പ്രകാരം ഈടാക്കേണ്ട 2% റ്റി.ഡി.എസ്. മേൽ തുകയിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കിയിട്ടില്ല. ആയതിനാൽ റ്റി.ഡി.എസ്. ഇനത്തിൽ ലഭിക്കേണ്ട ₹1620/- ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 1-18 ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

2022-23 സാമ്പത്തിക വർഷം കുന്നകര ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ 2 ജീവനക്കാരെ (ഒരാളെ ക്ലറിക്കൽ ജോലികൾക്കും ഒരാളെ ഡേറ്റാ എൻട്രി ജോലികൾക്കും) നിയമിച്ച് വേതനം നല്കുന്നതായി കാണുന്നു. ഇവരുടെ നിയമനം സംബന്ധിച്ച് 13.11.2023ൽ നല്കിയ 20-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കു കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം തുടരുന്നത് എന്നു മറുപടി നല്കി. 2016, 2018 വർഷങ്ങളിൽ അടിയന്തര സാഹചര്യങ്ങളിൽ നടത്തിയ തീരുമാനങ്ങളെ അടിസ്ഥാനമാക്കി നിയമനം നടത്തിയത് തുടരുന്ന സാഹചര്യമാണ് കാണുന്നത്. സർക്കാർ അനുമതി ഇല്ലാതെ ഇപ്രകാരം തുടരുന്ന നടപടി ആയതിനാൽ സർക്കാർ നിർദ്ദേശം അടിയന്തരമായി നേടേണ്ടതാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിൽ ചുവടെ ചേർക്കുന്നവയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് | ബിൽ നമ്പർ/ തീയതി | തുക | ഏജൻസി | അപാകത |
|---|---|---|---|---|
| 1/23 | 51/15.11.2022 | ₹600000/- | എസ്എസ്എ | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 142/23 | 284/20.03.2023 | ₹25000/- | ശുചിത്വമിഷൻ | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 8/23 | 3/10.05.2022 | ₹104000/- | തെരുവ് വിളക്കുകളുടെ പരിപാലനം | രേഖകൾ ഹാജരാക്കിയില്ല |
| ആകെ | | 729000 | | |

## 1-20 മഴക്കാലപൂർവ്വ ശുചീകരണം

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ 15 വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിനായി ₹1,50,000/- വാർഡുതല സമിതിക്ക് 30.06.2022 ലെ വൗച്ചർ 22200270/30.06.2022 പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. പഞ്ചായത്തിന്റെ തനതുഫണ്ടാണ് ആയതിലേക്ക് ചെലവഴിച്ചിട്ടുള്ളത്.

2022-23 സാമ്പത്തികവർഷം ശുചിത്വമിഷൻ ഫണ്ട് ലഭിച്ചിട്ടില്ല. ശുചിത്വമിഷൻ ഫണ്ട് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-21 ഇലക്ഷൻ ഡെപ്പോസിറ്റ്-തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

2022-23 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം 340100303-Election Deposit എന്ന ഹെഡിൽ ₹31,500/-നീക്കിയിരുപ്പുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തിരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം ഇപ്രകാരം തനതുഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ഇലക്ഷൻ കഴിഞ്ഞ് മൂന്ന വർഷത്തോളമായിട്ടും ഇപ്രകാരം ചെയ്തതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/08.11.2023) മറുപടി ലഭ്യമാക്കിയില്ല. ഇലക്ഷൻ ഡെപ്പോസിറ്റ് ഹെഡിൽ നീക്കിയിരിപ്പുള്ള തുക തനതു ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

### 1-22 കോക്ലിയർ ഇംപ്ലാന്റേഷൻ -സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക അടവാക്കൽ- വിശദാംശങ്ങളില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0096/23-കോക്ലിയർ ഇംപ്ലാന്റേഷൻ -സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ | ₹1,00,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | ₹50,000/-(ബിൽ നമ്പർ-271/17.03.23) |

കോക്ലിയർ ഇംപ്ലാന്റേഷൻ -സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക അടവാക്കൽ പ്രോജക്റ്റിന്റെ ഭാഗമായി ₹50,000/-ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 10.03.2023 ലെ 1/5-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഫ്ലോറൻസ് ബേബി, പടയാട്ടി വീട്, സൗത്ത് അടുവാശ്ശേരി എന്ന ഗുണഭോക്താവിനു വേണ്ടിയാണ് തുക അടവാക്കിയിട്ടുള്ളത്. ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം മാത്രം കുട്ടികളെ തെരഞ്ഞെടുക്കേണ്ടതാണെന്ന് സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.11.2019 ലെ പി2/2924/18/കെ.എസ്.എസ്.എം നം കത്തിൽ നിർദ്ദേശമുണ്ട്.

1. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളായിരിക്കണം.
2. 25 വയസ്സ് വരെയുള്ളവരെ മാത്രമേ ആനുകൂല്യത്തിനായി പരിഗണിക്കാവൂ.
3. ₹2 ലക്ഷം വരെ മാത്രമായിരിക്കണം കുടുംബ വാർഷിക വരുമാനം.
4. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

മേൽ പ്രോജക്റ്റ് പ്രകാരം ആനുകൂല്യത്തിനായി ഫ്ലോറൻസ് ബേബിയെ തെരെഞ്ഞെടുത്തത് മേൽ മാനദണ്ഡങ്ങൾ പാലിച്ചാണോയെന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിനും, കൂടാതെ സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് അടവാക്കിയ ₹50,000/-യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/13.11.2023) മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക ₹50,000/-തടസ്സപ്പെടുത്തുന്നു.

### 1-23 ക്യാന്റീനിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ-പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0092/23-വനിത തൊഴിൽ സംരംഭം-ക്യാന്റീൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹2,00,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | ₹1,75,216/-/-(ബിൽ നമ്പർ-260/17.03.2023) |

വനിത സംരംഭം പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന കുടുംബശ്രീ ക്യാന്റീനിലേക്ക് ഫർണ്ണീച്ചർ വാങ്ങി നൽകുന്നതിനായി നടപ്പാക്കിയ ₹2,00,000/- അടങ്കലുള്ള മേൽ പ്രോജക്റ്റിൽ ഡൈനിംഗ് ടേബിൾ & 4 കസേര അടങ്ങുന്ന ഒരു സെറ്റിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ(Table ₹6987/- & Chair ₹991/- ജി.എസ്.ടി.ഉൾപ്പെടെ) കീർത്തി എന്റർപ്രൈസസ് വേങ്ങൂർ, അങ്കമാലി എന്ന സ്ഥാപനത്തിൽ നിന്നും 16 സെറ്റ് മേശയും കസേരയുമാണ് വാങ്ങിയിട്ടുള്ളത് (16 Stainless Steel Table With Glass Top & 64 Stainless Steel Cushioned Chair). ഇപ്രകാരം 16 മേശയും, 64 കസേരയും വാങ്ങിയതിന് ₹1,75,216/-സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ബിൽ ഓഫ് സപ്ലൈ നം. A418/14.03.2023).

ഫയൽ പരിശോധിച്ചതിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് കൈമാറിയതായി

കാണുന്നില്ല. വാങ്ങിയ സാധനങ്ങളുടെ ഭൗതിക പരിശോധന നടത്തിയപ്പോൾ ക്യാന്റീനിൽ ആകെ 8 സെറ്റ് മേശയും കസേരയും മാത്രം ഉപയോഗിക്കുന്നതായി കണ്ടു (7 എണ്ണം ഡൈനിംഗ് ഹാളിലും, 1 എണ്ണം അടുക്കളയിലും). ഒരു സെറ്റ് കുടുംബശ്രീ ഓഫീസിനകത്ത് ഇട്ടിട്ടുണ്ട്. 3 സെറ്റ് ഒന്നാം നിലയിൽ തൊഴിലുറപ്പ് പദ്ധതി ഓഫീസിന് മുൻവശം വെറുതെ കൂട്ടിയിട്ടിരിക്കുന്നു. ബാക്കി 4 സെറ്റ് പഞ്ചായത്ത് ജീവനക്കാരുടെ ഡൈനിംഗ് ഹാളിൽ ഇട്ടിരിക്കുന്നു. ക്യാന്റീനിലെ ഹാളിന്റെ വിസ്തൃതി കണക്കിലെടുത്താൽ പരമാവധി 8 സെറ്റ് മേശയും കസേരയും ഇടാനേ സാധിക്കുകയുള്ളൂവെന്ന് കാണാം. എന്നിട്ടും ഇരട്ടി സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/09.11.2023) ലഭ്യമാക്കിയ മറുപടിയിൽ ക്യാന്റീൻ വിപുലീകരിക്കുമ്പോൾ ഉപയോഗിക്കുന്നതിനായാണ് കൂടുതൽ എണ്ണം ഫർണ്ണീച്ചറുകൾ വാങ്ങിയതെന്നാണ് അറിയിച്ചത്. ക്യാന്റീൻ ഉപഭോക്താക്കളുടെ എണ്ണം വളരെ പരിമിതമായതിനാൽ നിലവിലെ സൗകര്യം തന്നെ ധാരാളമാണെന്ന് കണ്ടതിനാൽ മറുപടി അംഗീകരിക്കുന്നില്ല. കൂടാതെ ക്യാന്റീൻ നടത്തിപ്പ് പഞ്ചായത്തിന്റെ അനിവാര്യ/മേഖലാ ചുമതലകളിൽപ്പെടുന്ന കാര്യമല്ല. വനിതകൾക്ക് ഒരു തൊഴിൽ സംരംഭമെന്ന നിലയിൽ സഹായം നൽകുക എന്നതിൽ കവിഞ്ഞ് കൂടുതൽ ഇടപെടൽ ആവശ്യമില്ലാത്തതാണ്. പദ്ധതിപ്പണം ഏറ്റവും അത്യാവശ്യ കാര്യങ്ങൾക്ക് വകയിരുത്തി ചെലവഴിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്ത് കൈമാറിയതിന്റെ വിവരം ലഭ്യമാക്കുന്നതുവരെ പ്രോജക്റ്റിൽ ചെലവഴിച്ച ₹1,75,216/-തടസ്സപ്പെടുത്തുന്നു.

1-24 മുൻകൂറുകൾ/സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ യഥാസമയം ക്രമീകരിച്ചില്ല.

2022-23 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം ചുവടെ ചേർക്കുന്ന ഹെഡുകളിൽ നൽകിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 02/08.11.2023) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | 31.03.2023-ലെ നീക്കിയിരിപ്പ് തുക(₹) | മറുപടി |
|---|---|---|---|
| 1 | 460500403-Advance To Habitat Technology | ₹1,24,22,030 | 2023-24 വർഷം ക്രമീകരിച്ചിട്ടുണ്ട് |
| 2 | 460500501-Advance To Implementing Officers | ₹6,47,792 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ക്രമീകരിക്കുന്നതാണ് |
| 3 | 460100199-Other Advances | ₹61,503 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ക്രമീകരിക്കുന്നതാണ് |
| 4 | 460500205-Advance To Implementing Officers-Deposit With Public Works Dept | ₹12,00,000 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ക്രമീകരിക്കുന്നതാണ് |
| 5 | 460509901-Advance To Others | ₹3,86,455 | 2023-24 വർഷം ക്രമീകരിച്ചിട്ടുണ്ട് |
| 6 | 460500201-Advance With Kerala Water Authority | ₹45,66,296 | 2023-24 വർഷം ക്രമീകരിച്ചിട്ടുണ്ട് |

ക്രമീകരിക്കാത്ത മുൻകൂറുകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. സർക്കാരിലേക്ക് അടവാക്കുവാനുള്ള താഴെ പറയുന്ന ഹെഡുകളിലെ തുക യഥാസമയം അടവാക്കിയിട്ടില്ല.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | 31.03.2023 ലെ നീക്കിയിരിപ്പ് തുക | മറുപടി |
|---|---|---|---|
| 1 | 350300199-Government & Other Dues Payable | ₹3,59,002 | 2023-24 വർഷം തുക തിരിച്ചടവാക്കുന്ന താണെന്നറിയിച്ചു |
| 2 | 350400999-Refund Of Unutilised Grant-prior Period | ₹87,036 | 2023-24 വർഷം തുക തിരിച്ചടവാക്കുന്ന താണെന്നറിയിച്ചു |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 2/08.11.2023) തുക നടപ്പു സാമ്പത്തിക വർഷം അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 വിവാഹധനസഹായം-അധിക നിരക്കിൽ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | S0037/23-പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, കുന്നുകര പഞ്ചായത്ത് |
| അടങ്കൽ തുക | ₹3,75,000/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക | ₹3,75,000/- (ബിൽ നം 164/06.02.2023-₹2,50,000)<br>ബിൽ നം 126/11.01.2023-₹1,25,000/-) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ കുടുംബത്തിന് വിവാഹധനസഹായം നൽകുന്നതിനുള്ള പ്രോജക്റ്റാണിത്. തൻവർഷം 3 ഗുണഭോക്താക്കൾക്കായി ₹1,25,000/-വീതം നൽകിയതിന് ആകെ ₹3,75,000/-പ്രോജക്റ്റിൽ ചെലവ് വന്നിട്ടുണ്ട്. വിവാഹധനസഹായത്തുക നിലവിലുണ്ടായിരുന്ന ₹75,000/- ൽ നിന്നും ₹1,25,000/- ആയി പട്ടികജാതി വികസനവകുപ്പിന്റെ സ.ഉ (കൈ) നം 43/2022 /പ.ജാ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിരുന്നു. പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യത്തിന് നൽകുന്ന ധനസഹായം പട്ടികജാതി വകുപ്പ് നൽകുന്ന നിരക്കിനു തുല്യമാക്കിക്കൊണ്ട് ജി.ഒ.(സാധാ) നം 2593/2022/ത.സ്വ.ഭ.വ. തീയതി 26.10.2022 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ 15.10.2022 ന് ശേഷമുള്ള വിവാഹങ്ങൾക്കാണ് വർദ്ധിപ്പിച്ച നിരക്കിന് അർഹതയുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്റ്റ് പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീമതി ഓമന വേലായുധന്റെ മകൾ രേവതിയുടെ വിവാഹം നടന്നത് 03.09.2022 ൽ ആയിരുന്നതിനാൽ ₹75,000/- അനുവദിക്കേണ്ടതിനു പകരം വർദ്ധിപ്പിച്ച നിരക്കായ 1,25,000/- രൂപയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 15.10.2022 ന് ശേഷമുള്ള വിവാഹങ്ങൾക്കാണ് വർദ്ധിപ്പിച്ച നിരക്ക് ബാധകമാകുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ ₹50,000/- പ്രസ്തുത വ്യക്തിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/09.11.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച ₹50,000/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്. വ്യക്തമായ നഷ്ടമായതിനാൽ ഖണ്ഡിക 3-1- ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S0045/23 - പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്. |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹ 4,50,800/-( വികസന ഫണ്ട് -എസ്.സി.പി.) |
| ബിൽ നം./ തീയതി. | ₹4,50,800/-(ബിൽനം 321/28.03.2023) |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റാണിത്. GeM മുഖേനയുള്ള വാങ്ങലിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പവർ സി.എം.എസ് ടെക്നോളജി, വഞ്ചിയൂർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള 14 ലാപ്പ്ടോപ്പുകൾ മേൽ പ്രോജക്റ്റ് പ്രകാരം തുക ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. വാങ്ങിയ ലാപ്ടോപ്പുകളിൽ 13 എണ്ണം വിതരണം ചെയ്തതായും, ഒരെണ്ണം ബാലൻസ് ഉള്ളതായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആവശ്യത്തിലധികം ലാപ്ടോപ്പ് വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. സ്റ്റോക്കിൽ ബാക്കിയുള്ള ലാപ്ടോപ്പ് വരും വർഷത്തെ പ്രോജക്ടിലെ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതാണ്.
2. ലാപ്ടോപ്പ് കൈപ്പറ്റിയവരിൽ താഴെ ചേർക്കുന്നവരുടെ പേരുകൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | പേര് | വാർഡ് നം |
|---|---|---|
| 1 | അജീഷ് കെ എസ് | 8 |
| 2 | തൃഷ എൻ പി | 12 |

3. ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക്(ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ

പഠിക്കുന്ന പട്ടികജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാമെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ)നം.115/2022/ത.സ്വ.ഭ.വ/28.05.2022 ഖണ്ഡിക 7.2.7 ൽ നിഷ്കർഷിക്കുന്നുണ്ട്. ഇതിനായുള്ള ഗുണഭോക്തൃലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. കൂടാതെ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ലാപ്ടോപ്പ് വിതരണം നടത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ലാപ്ടോപ്പ് കൈപ്പറ്റിയ 13 പേരിൽ അഞ്ജലി എ.ആർ ഒഴികെയുള്ള ചുവടെ ചേർക്കുന്നവർ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയതായി കാണുന്നില്ല.

| ക്രമ നം | പേര് | വാർഡ് നം |
|---|---|---|
| 1 | അജീഷ് കെ എസ് | 8 |
| 2 | തൃഷ എൻ പി | 12 |
| 3 | അക്ഷയ് പി എസ് | 2 |
| 4 | ദുർഗ്ഗ ബാബു | 2 |
| 5 | അതുൽ എം സാജു | 2 |
| 6 | രോഹിത്ത് രഘു | 3 |
| 7 | ഹരികൃഷ്ണ എം എസ് | 5 |
| 8 | സാന്ദ്ര മനോജ് | 11 |
| 9 | മിഥുൻ കെ വി | 13 |
| 10 | അഭിനവ് ടി എ | 14 |
| 11 | ആതിര ഡി ജി | 14 |
| 12 | യദുകൃഷ്ണ | 15 |

4. ലാപ്ടോപ്പ് കൈപ്പറ്റിയവരിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അംഗീകാരമില്ലാത്ത കോഴ്സുകൾക്കാണ് പഠിക്കുന്നത്. ഇവർക്ക് ലാപ്ടോപ്പ് അനുവദിച്ചത് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

| ക്രമ നം | പേര് | വാർഡ് നം | പഠിക്കുന്ന കോഴ്സ് | പഠിക്കുന്ന സ്ഥാപനം | അപാകത |
|---|---|---|---|---|---|
| 1 | യദുകൃഷ്ണ | 15 | ബി കോം | ഓണേർസ് അക്കാദമി, മാള | പാരലൽ കോളേജ്- സർവ്വകലാശാല രജിസ്ട്രേഷൻ രേഖകൾ ഇല്ല |
| 2 | മിഥുൻ കെ വി | 13 | ദ്വിവർഷ ഓട്ടോ മൊബൈൽ കോഴ്സ് | ഐഡിയൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ആലുവ-(കെ.ജി.സി.ഇ അംഗീകൃത സ്ഥാപനം) | മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന കോഴ്സ് അല്ല |
| 3 | ആതിര ഡി ജി | 14 | സർട്ടിഫിക്കറ്റിൽ കോഴ്സിന്റെ പേരില്ല | രാംസ് ഇഗ്നോ സ്റ്റഡി സെന്റർ, കുഴപ്പിള്ളി. | പാരലൽ കോളേജ്- സർവ്വകലാശാല രജിസ്ട്രേഷൻ രേഖകൾ ഇല്ല. പഠിക്കുന്ന കോഴ്സ് രേഖപ്പെടുത്തിയിട്ടില്ല |
| 4 | രോഹിത്ത് രഘു | 3 | ഐ.ടി.ഐ-ടർണർ | ഗവ ഐ.ടി.ഐ. ചാലക്കുടി | മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന കോഴ്സ് അല്ല |

5. ടാക്സ് ഇൻവോയ്സ് പ്രകാരം 14 ലാപ്ടോപ്പുകളുടെ വില ₹3,82,034+18% ജി.എസ്.ടി.-₹68,766/-ആകെ ₹4,50,800/-ആണ്. ബിൽ തുക സ്ഥാപനത്തിന് അനുവദിച്ചപ്പോൾ 2% ജി.എസ്.ടി ഉൽഭവത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് പകരം മുഴുവൻ ജി.എസ്.ടി. യും കിഴിച്ചുള്ള വിലയാണ് സ്ഥാപനത്തിന് നൽകിയത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 19/13.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതു വരെ ചെലവ് തുക ₹4,50,800/-തടസ്സപ്പെടുത്തുന്നു. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്റ്റ് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ലാപ്ടോപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം അതാത് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-27 വിദേശജോലിക്ക് ധനസഹായം-പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | S0044/23-വിദേശജോലിക്ക് ധനസഹായം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | ₹1,00,000/-(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | ₹1,00,000/-(ബിൽ നമ്പർ-129/13.01.23) |

പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറക്ക് യഥാർത്ഥ ചെലവോ (വിസയുടേയും വിമാന ടിക്കറ്റിന്റെയും ചാർജ്ജ്) പരമാവധി ₹1,25,000/- ഏതാണോ കുറവ് ആ തുക ധനസഹായമായി നൽകാവുന്നതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ) നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.2.3 ൽ പറയുന്നു. ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, അതിനുശേഷം ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണെന്നും നിർദ്ദേശമുണ്ട്.

മേൽ പ്രോജക്റ്റ് പ്രകാരം വാർഡ് 12 ലെ ശ്രീ അഞ്ചൽ അംബുജാക്ഷൻ എന്ന ഗുണഭോക്താവിന് ₹1,00,000/- ധനസഹായമായി നൽകിയിട്ടുണ്ട്. 10.01.2023 ൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. കുവൈറ്റിലേക്കുള്ള വർക്ക് വിസയുടേയും 10.01.02023 ലെ യാത്രക്കുള്ള വിമാനടിക്കറ്റ് ബുക്ക് ചെയ്തതിന്റെ പകർപ്പുമാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. ഇതിൽ മറ്റ് യാത്രക്കാരുടേയും പേര് വിവരം ഉൾപ്പെട്ടിട്ടുണ്ട്. പ്രത്യേകം വിമാനടിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ യഥാർത്ഥ ചെലവ് തുക എത്രയാണെന്നതിൽ വ്യക്തതയില്ല.

ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെയും, ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയതിന്റെയും വിവരങ്ങളും, യഥാർത്ഥ ചെലവ് കണക്കാക്കുന്നതിന് വിമാനടിക്കറ്റിന്റെ പകർപ്പും, വിസയുടെ നിരക്കും ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.08/09.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക ₹1,00,000/- തടസ്സപ്പെടുത്തുന്നു. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്റ്റ് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ബാലസഭ സ്പോർട്ട്സ് കിറ്റ്-പ്രോജക്റ്റ് നടപ്പാക്കിയതിൽ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | S0091/23-ബാലസഭ സ്പോർട്സ് കിറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹50,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | ₹33,098/-(ബിൽ നമ്പർ-292/22.03.23) |

ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നതിനാണ് മേൽ പ്രോജക്റ്റിൽ ₹33,098/- ചെലവഴിച്ചിട്ടുള്ളത്. ക്വട്ടേഷൻ മുഖേന പള്ളത്തിൽ ട്രേഡേഴ്സ് സൗത്ത് അടുവാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ ചേർക്കുന്ന സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്.

| ഇനം | എണ്ണം | ആകെ വില |
|---|---|---|
| ഷട്ടിൽ ബാറ്റ് | 2 സെറ്റ് | ₹4948 |
| ഷട്ടിൽ കോക്ക് | 2 സെറ്റ് | ₹1000 |
| മാവിസ്(mavis) | 2 | ₹2500 |
| കാരം ബോർഡ് | 2 | ₹8100 |
| സ്റ്റംപ് | 12 | ₹1584 |
| ഗ്ലൗസ് | 2 | ₹1694 |
| ചെസ് ബോർഡ് | 2 | ₹1000 |
| ഫുട്ബോൾ | 2 | ₹1694 |
| ക്രിക്കറ്റ് ബാറ്റ് | 2 | ₹4237 |
| ക്രിക്കറ്റ് ബോൾ | 2 | ₹1292 |
| ആകെ | | 28049+18 % GST=₹33,098/- |

വാങ്ങിയ സാധനങ്ങൾ വിതരണം നടത്തിയിട്ടുള്ളത് ആർക്കാണെന്നതിൽ വ്യക്തതയില്ല. മൂന്ന് ഗ്രൂപ്പുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ ഫോട്ടോ മാത്രമാണ് ഫയലിലുള്ളത്. ഗുണഭോക്താക്കളെ എപ്രകാരമാണ് തിരഞ്ഞെടുത്തതെന്നും അറിയിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് ₹1000/-യാണ് ബാലസഭ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് കുടുംബശ്രീയ്ക്ക് കൈമാറേണ്ടത്. ആയത് പ്രകാരം 15 വാർഡുകൾ ഉള്ള കുന്നുകര ഗ്രാമപഞ്ചായത്തിന് വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത് ₹15,000/-യാണ്. മറ്റ് പ്രവർത്തനങ്ങൾ നടത്തേണ്ടതിന് തുക വകയിരുത്തി ചെലവഴിക്കേണ്ടത് കുടുംബശ്രീയുടെ പ്രവർത്തന ഫണ്ടിൽ നിന്നുമാണ്. എന്നാൽ മാർഗ്ഗരേഖയ്ക്ക്

അതീതമായി മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.07/09.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്റ്റ് നടപ്പിലാക്കിയതിനാൽ ചെലവ് തുക ₹33,098/- തടസ്സപ്പെടുത്തുന്നു.

1-29 പണമിടപാടുകളില്ലാതെ അക്കൗണ്ടുകൾ തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ പേരിൽ ട്രഷറിയിൽ എം എൻ ഹൗസിംഗ് അക്കൗണ്ട് നം 1041 ൽ ₹500/-, TPA 470-treasury Account-ൽ ₹11,178/-യും നീക്കിയിരിപ്പുണ്ട്. എന്നാൽ വർഷങ്ങളായി പണമിടപാടുകളൊന്നും നടക്കാത്ത അക്കൗണ്ടുകളാണിത്. പാസ് ബുക്ക് പ്രകാരം ലഭ്യമാക്കിയ TPA 470 അക്കൗണ്ടിൽ അവസാനം പണമിടപാട് നടത്തിയിട്ടുള്ളത് 26.03.2003ലാണ്. ഈ അക്കൗണ്ടുകൾ ട്രഷറിയിൽ നിലവിലുണ്ടെങ്കിൽ സർക്കാർ അനുമതിയോടെ അവ ക്ലോസ് ചെയ്യേണ്ടതും, അല്ലാത്തപക്ഷം പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-30 അജൈവ മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന്- ജി.എസ്.ടി അനുവദിച്ചത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 29/23, മാലിന്യ സംസ്കരണം |
| അടങ്കൽ | ₹518345/- |
| ചെലവ് | ₹399190/- |
| ബിൽ നം./തീയതി | 133/09.01.2023- ₹132960/-<br>234/08.03.2023- ₹162840/-<br>305/25.03.2023- ₹103390/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചതിന്റെ വാഹന വാടകയിനത്തിൽ TIFFOT PRODUCTS, Kunnukara, Ernakulam എന്ന സ്ഥാപനത്തിന് (GSTN: 32AAAGK0322GIZ4) 14.05.2022 മുതൽ 11.10.2022 വരെ 6 ലോഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടു പോകുന്നതിന് ₹162840/- (₹138000+ ₹24840-GST) അനുവദിച്ചിട്ടുണ്ട്. സ്ഥാപനവുമായുള്ള 24.06.2021ലെ കരാർ പ്രകാരം കരാർ ഒപ്പു വെച്ച തീയതി മുതൽ 18 മാസത്തേക്കാണ് അജൈവ മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടുപോകാൻ അനുമതിയുള്ളത്. ഒരു ലോഡ് (ടോറസ് ലോറി) മാലിന്യം കൊണ്ടുപോകുന്നതിന് ₹23000യാണ് കരാർ പ്രകാരം നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സർക്കുലർ നം. 51/25/2018-GST, തീയതി.31.07.2018 പ്രകാരം പാഴ്വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ TIFFOT PRODUCTS എന്ന സ്ഥാപനത്തിന്റെ Tax Invoice No.1/10.11.2022 പ്രകാരം 6 ലോഡ് പ്ലാസ്റ്റിക് മാലിന്യം കൊണ്ടുപോകുന്നതിന് GST-18% (₹24840/-) നൽകിയത് ക്രമപ്രകാരമല്ല.

മാലിന്യം കൊണ്ടു പോകുന്നതിന്റെ ചെലവിനോടൊപ്പം ജി.എസ്.ടി കൂടി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (No.24/13.11.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല.
ജി.എസ്.ടി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതുവരെ TIFFOT PRODUCTS എന്ന സ്ഥാപനം ജി.എസ്.ടി മുഖേന അധികമായി കൈപ്പറ്റിയ ₹24,840/- യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-31 ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുന്നുകര ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയറുടെ പേരിൽ SBI-നോർത്ത് പറവൂർ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള 40598596783 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രെഡിറ്റ് ചെയ്യുന്നത്. 31.03.2023 വരെ പ്രസ്തുത ഇനത്തിലുള്ള ആകെ നീക്കിയിരിപ്പ് ₹61,562/-യാണ്.

ഇ-ടെണ്ടർ ഫീസിനത്തിൽ 31.03.2023 വരെ ലഭ്യമായ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക്

അടവാക്കാതെ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെയും സൂക്ഷിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.05/08.11.2023)ക്ക് മറുപടിയായി തുക ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അതത് സാമ്പത്തിക വർഷം തന്നെ അടവാക്കേണ്ടതാണ്.

## 1-32 ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumen Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് ₹238/- യും 18% GST ഉൾപ്പടെ ആകെ ₹281/- ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| പ്രവൃത്തി,<br>അളവു പുസ്തകം | ബിൽ നം, തീയതി<br>തുക (₹) | ടാറിന്റെ ഇനം,<br>ഉപയോഗിച്ച അളവ്<br>(Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|
| 39/23, പ്ലാച്ചേരിക്കടവ് റോഡ് റീടാറിംഗ്- വാർഡ്-1<br>അടങ്കൽ - ₹522774/-<br>MG(R)<br>കരാറുകാരൻ - ശ്രീ. ബാബു.പി.ടി<br>എഗ്രിമെന്റ് നം.:10/AE /LSGD/KKA/2022-23 /24.12.2022<br>അളവു പുസ്തകം - EMBook | ബിൽ നം. 307/27.03.2023<br>ചെലവ്: - ₹504927 | RS1- 241.42<br>VG 30 – 2264.04 | 1.21<br>14.51<br>Total Barrel=15.72<br>(Rounded To 16) |
| ബാരലിന്റെ വില - 16x281 = ₹4496/- (3808+ 688 – GST) | | | |

ബാരലിന്റെ വിലയായ ₹3808/- ഉം GST ₹688/- യും കൂടി ആകെ ₹4496/- കരാറുകാരനിൽ നിന്ന് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/08.11.2023) മറുപടിയായി അധികം നൽകിയ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കിയതായി (രസീത് നം. 1230100780/12.11.2023) അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി മാപ്പിംഗ്- പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 27/2023, റോഡ് കണക്ടിവിറ്റി മാപ്പിങ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹45,000/-( തനതു ഫണ്ട്) |
| ചെലവ് | വൗച്ചർ നം. 22200541/02.08.2022- ₹17760/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് ₹3000/- വീതം ആകെ 15 വാർഡിന് ₹45,000/-യുടെ പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തിക്കായി തൻവർഷം ചെലവഴിച്ച ₹17760/- ഇതിലേക്കായി നിയോഗിക്കപ്പെട്ട താഴെ പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പേര് | തുക |
|---|---|---|
| 1 | ആരിഫ് മോൻ.എം.എ | ₹8,880 |
| 2 | സ്വാലിഹ്.സി.എസ് | ₹8,880 |
| | ആകെ | ₹17,760 |

പദ്ധതിയുടെ പൂർത്തീകരണ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (11/10.11.2023)ക്ക് മറുപടിയായി നിലവിൽ KSREC വികസിപ്പിച്ച R-Track Mobile App ൽ നിരവധി ബഗ്ഗുകൾ ഉള്ളതിനാൽ First Stage സർവ്വെ മാത്രമാണ് പൂർത്തീകരിച്ചത് എന്നും, ബഗ്ഗുകൾ പരിഹരിച്ച് App KSREC യിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ മുഴുവൻ നടത്തി റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 41 മരാമത്ത് പ്രവൃത്തികൾക്ക് 2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമാക്കിയതിൽ 29 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ ₹21919004യിൽ ₹13097394യാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷം വകയിരുത്തിയ തുകയുടെ 59.75% ചെലവഴിച്ചിട്ടുണ്ട്.

മുൻവർഷത്തെ 3 പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി മാറുകയും ആയതിന് തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26 /2019/ത.സ്വ.ഭ.വ തീയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

3. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം നം./തിയതി എഴുതുന്നില്ല.

4. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

5. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ, തീയതി.19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവാഹധനസഹായം-അധിക നിരക്കിൽ ആനുകൂല്യം നൽകി-₹50,000/-തിരികെ ഈടാക്കണം

| | |
|---|---|
| പ്രോജക്ട് നം, പേര് | S0037/23-പട്ടികജാതി വിഭാഗക്കാർക്ക് വിവാഹധനസഹായം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, കുന്നുകര ഗ്രാമപഞ്ചായത്ത് |
| അടങ്കൽ തുക | ₹3,75,000/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക | ₹3,75,000/- (ബിൽ നം. 164/06.02.2023-₹2,50,000)<br>ബിൽ നം. 126/11.01.2023-₹1,25,000/-) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ കുടുംബത്തിന് വിവാഹധനസഹായം നൽകുന്നതിനുള്ള പ്രോജക്റ്റാണിത്. തൻവർഷം 3 ഗുണഭോക്താക്കൾക്കായി ₹ 1,25,000/- വീതം നൽകിയതിന് ആകെ ₹3,75,000/-പ്രോജക്റ്റിൽ ചെലവ് വന്നിട്ടുണ്ട്. വിവാഹധനസഹായ തുക നിലവിലുണ്ടായിരുന്ന ₹75,000/-ൽ നിന്നും ₹1,25,000/-ആയി പട്ടികജാതി വികസനവകുപ്പിന്റെ സ.ഉ (കൈ) നം 43/2022 /പ.ജാ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിരുന്നു. പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യത്തിന് നൽകുന്ന ധനസഹായം പട്ടികജാതി വകുപ്പ് നൽകുന്ന നിരക്കിനു തുല്യമാക്കിക്കൊണ്ട് ജി.ഒ.(സാധാ) നം 2593/2022/ത.സ്വ.ഭ.വ തീയതി 26.10.2022 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ 15.10.2022 ന് ശേഷമുള്ള വിവാഹങ്ങൾക്കാണ് വർദ്ധിപ്പിച്ച നിരക്കിന് അർഹതയുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്റ്റ് പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീമതി ഓമന വേലായുധന്റെ മകൾ രേവതിയുടെ വിവാഹം നടന്നത് 03.09.2022 ൽ ആയിരുന്നതിനാൽ ₹75,000/-അനുവദിക്കേണ്ടതിനു പകരം വർദ്ധിപ്പിച്ച നിരക്കായ ₹1,25,000/-യാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 15.10.2022 ന് ശേഷമുള്ള വിവാഹങ്ങൾക്കാണ് വർദ്ധിപ്പിച്ച നിരക്ക് ബാധകമാകുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ ₹50,000/- പ്രസ്തുത വ്യക്തിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/09.11.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച ₹50,000/- ഓഡിറ്റിൽ നിരാകരിക്കുന്നു. ആയതിനാൽ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തിയിട്ടുള്ളത് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ₹3,99,300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0035/23) | ₹3,99,300 | - |
| ബ്ലോക്ക് പഞ്ചായത്ത് | ₹2,85,000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (എസ്.0089/23) | ₹2,85,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | ₹1,23,026 | പാലിയേറ്റീവ് പരിചരണം (എസ്.0008/23) | ₹1,23,026 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹1,00,000 | അതിദരിദ്രർക്ക് വീട് മെയിന്റനൻസ് (എസ്.0125/23) | ₹1,00,000 | |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ₹18,18,200 | ലൈഫ് ഭവനപദ്ധതി(എസ്.0090/23) | ₹18,18,200 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹50,000 | അങ്കണവാടി പോഷകാഹാരം (എസ്.0012/23) | ₹50,000 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹1,49,999 | ആശ്രയ പദ്ധതി (എസ്.0051/23) | ₹1,49,999 | |
| ആകെ | ₹29,25,525 | | ₹29,25,525 | - |
| ജില്ലാ പഞ്ചായത്ത് | ₹1,33,100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0035/23) | ₹1,33,100 | - |
| ജില്ലാ പഞ്ചായത്ത് | ₹2,25,000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (എസ്.0089/23) | ₹2,25,000 | - |
| ജില്ലാ പഞ്ചായത്ത് | ₹27,60,000 | ലൈഫ് ഭവന പദ്ധതി (എസ്. 0090/23) | ₹27,60,000 | - |
| ജില്ലാ പഞ്ചായത്ത് | ₹11,500 | പോത്ത് കുട്ടി വിതരണം (എസ്.0121/23) | ₹11,500 | - |
| ജില്ലാ പഞ്ചായത്ത് | ₹9,94,448 | നെൽകൃഷി വികസനം(എസ്.0083/23) | ₹9,94,448 | - |
| ജില്ലാ പഞ്ചായത്ത് | ₹10,28,393 | വെള്ളിയാംതോട് റോഡ് നിർമ്മാണം(എസ്.0110/23) | ₹10,28,393 | |
| ആകെ | ₹51,52,441 | | ₹51,52,441 | - |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,10,00,000/- വരവുണ്ട്. തൻ വർഷം തുടക്കം വായ്പ തിരിച്ചടക്കാനില്ലായിരുന്നു. വാർഷിക കണക്ക് പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി-ഹഡ്കോ | - | 1,10,00,000 | 0 | 8,78,833 | 0 | 1,01,21,167 |

| | ലോൺ | | | | | | |
|---|---|---|---|---|---|---|---|

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹1,57,97,820 |
| തൻവർഷം നിക്ഷേപിച്ച തുക | ₹782502 |
| ആകെ | ₹16580322 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹2007354 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹14572968 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ബാങ്കിന്റെ പേര് | തുക | നിക്ഷേപത്തിന്റെ വിവരം |
|---|---|---|
| Union Bank Kunnukara Branch | ₹64,50,471 | Rt. No. 154413/28.10.2022 |
| Union Bank Kunnukara Branch | ₹31,22,497 | Rt. No. 154414/ 04.07.2022 |
| State Bank Of India, Kuthiyayhodu Branch | ₹50,00,000 | Rt. No.369698/ 27.03.2023 |
| ആകെ | ₹1,45,72,968 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99<br>ഖ. 13 | 2003-04<br>ഖ - 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്-<br>അധിക ചെലവ് ₹66130/- | പാലക്കാട് ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു. |
| 2016-17<br>ഖ 2-2 | 2016-17 | KSEB യുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | രസീത് നം. 11606500040/ 25.1.2017 പ്രകാരം ₹2500/- അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 4,68,96,260 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 3,71,51,188 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 50,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 17,30,483 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2022-23 | 1-25/ (3-1) | - | ₹50,000/- | ശ്രീ.സുരേഷ്.എസ്.പി, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹1,08,757 | ഡോ.സിയാദ്.എച്ച്, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 1-16 | ₹46,587 | ശ്രീ.അഫ്സൽരാജ് എം. ആർ, സെക്രട്ടറി |
| | ₹12,185 | ശ്രീമതി ജീമോൾ ജി, സെക്രട്ടറി കുന്നുകര ഗ്രാമപഞ്ചായത്ത് |
| 1-19 | ₹7,29,000 | ശ്രീമതി ജീമോൾ ജി, സെക്രട്ടറി കുന്നുകര ഗ്രാമപഞ്ചായത്ത് |
| 1-22 | ₹50,000 | ശ്രീമതി.സലീന എം, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-23 | ₹1,75,216 | ശ്രീ. സുരേഷ് എസ് പി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | ₹4,50,800 | ശ്രീ. സുരേഷ് എസ് പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | ₹1,00,000 | ശ്രീ. സുരേഷ് എസ് പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | ₹33,098 | ശ്രീ. സുരേഷ് എസ് പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | ₹24,840 | ശ്രീമതി. ലീമ ദിലീപ്, വി.ഇ.ഒ, ആറ്റുപുറം |
| ആകെ | ₹1730483 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-17 | ₹1046 | ശ്രീ.അഫ്സൽരാജ് എം. ആർ, സെക്രട്ടറി |
| | ₹574 | ശ്രീമതി.ജീമോൾ ജി., സെക്രട്ടറി |
| ആകെ – ₹1620/- | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് എസ്.പി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, മീഞ്ച ഗ്രാമപഞ്ചായത്ത്, കാസർകോഡ് ജില്ല. | ശ്രീകണ്ഠേശ്വരത്ത് വാരിയം, എളവൂർ |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജീമോൾ ജി, സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, ചേർത്തല | റോസ് ഗാർഡൻ, മരുത്താർവട്ടം പി.ഒ, ചേർത്തല, ആലപ്പുഴ |
| ഡോ.സിയാദ് എച്ച്, ഹോമിയോ മെഡിക്കൽ ഓഫീസർ | ഹോമിയോ മെഡിക്കൽ ഓഫീസർ, കുന്നുകര ഗ്രാമപഞ്ചായത്ത് | നാടിയാട്ടിൽ വീട്, വെസ്റ്റ് വെളിയത്തുനാട് പി.ഒ, ആലങ്ങാട്-683511 |
| ശ്രീ.സുരേഷ് എസ് പി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, മീഞ്ച ഗ്രാമപഞ്ചായത്ത്, കാസർകോഡ് ജില്ല | ശ്രീകണ്ഠേശ്വരത്ത് വാരിയം, എളവൂർ |
| ശ്രീ.അഫ്സൽ രാജ് എം. ആർ, സെക്രട്ടറി | സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല | കൊള്ളാർകുളങ്ങര ഹൗസ്, സൗത്ത് ആര്യാട്, അവലൂകുന്ന.പി.ഒ, ആലപ്പുഴ |
| ശ്രീമതി. ലീമ ദിലീപ്, വി.ഇ.ഒ. ആറ്റുപുറം | വി.ഇ.ഒ. ആറ്റുപുറം | കളത്തിപ്പറമ്പിൽ വീട്, എടവനക്കാട് പി.ഒ, എറണാകുളം-682502 |
| ശ്രീമതി. സലീന എം., ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മണത്തൊടിക വീട്, തുറക്കൽ പി.ഒ, കൊണ്ടോട്ടി, മലപ്പുറം – 673638 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98, തീയതി 14.10.98 |
| 1997-98 | എൽ.എഫ്.ഇ(പി3)1582/98, തീയതി 30.06.00 |
| 1998-99 | എൽ.എഫ്.ഇ(പി3)339/98, തീയതി 14.10.98 |
| 1999-00 | എൽ.എഫ്.ഇ(പി3)1175/, തീയതി 01.06.04 |
| 2000-01, 2001-02 | എൽ.എഫ്.ഇ(പി3)947/04, തീയതി 01.01.05 |
| 2002-03 (ചെലവ്) | എൽ.എഫ്.ഇ(പി3)1304/, തീയതി 22.02.04 |
| 2003-04 | എൽ.എഫ്.ഇ(പി3)16/07, തീയതി 13.02.08 |
| 2004-05 | എൽ.എഫ്.ഇ(പി3)274/09, തീയതി 11.01.10 |
| 2005-06 | എൽ.എഫ്.ഇ(പി3)274/09, തീയതി 11.01.10 |
| 2007-08 | എൽ.എഫ്.ഇ(പി3)991/08, തീയതി 11.05.09 |
| 2008-09 | എൽ.എഫ്.ഇ(പി3)843/11, തീയതി 23.12.11 |
| 2009-10 | എൽ.എഫ്.ഇ(പി3)1805/11, തീയതി 21.10.11 |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11, തീയതി 21.10.11 |
| 2014-15 | എൽ.എഫ്.ഇ(പി11)880/16, തീയതി 07.06.16 |
| 2015-16 | എൽ.എഫ്.ഇ(പി11)1908/16, തീയതി 30.11.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി11)1266/17, തീയതി 21.7.2017/ 26.9.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി11)173/19, തീയതി 05.02.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി11)1580/19, തീയതി 15.11.19/29.01.20 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി11)179/22, തീയതി 17.05.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി11)179/22, തീയതി 17.05.2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം(പി11)212/23, തീയതി 03.04.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഫീസ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 11-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kunnukara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kunnukara Grama Panchayat for the year 2022-2023

Date: 18/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Kunnukara Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2.Lack of Panchayath Raj Budget rules adversely affecting budgetary control system.
3.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.
4.Non inclusion of Notes to accounts in Financial statements and non disclosure of material facts.
5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. Proper classification and valuation of Assets not done.
3. property tax registers do not match with financial statements.
4. Lapses in making timely and accurate demand entries in respect of tax and non-tax revenue.
5. Details of all bank accounts were not included in the Annual Financial statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്